**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** **13-12-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ ഓൺലൈനാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ രജിസ്ട്രേഷൻ ഓഫീസുകളിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ ഭൂമി രജിസ്ട്രേഷനിൽ അഴിമതി നിലനിൽക്കുന്നുവെന്ന് കണ്ടെത്തിയതായി പറയപ്പെടുന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സബ് രജിസ്ട്രാർ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധന സംബന്ധിച്ച റിപ്പോർട്ട് വകുപ്പിൽ ലഭ്യമായിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല. |
| (ബി) | ഭൂമി രജിസ്ട്രേഷൻ ഉൾപ്പെടെ രജിസ്ട്രേഷൻ വകുപ്പ് നൽകുന്ന സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റാൻ നടപടിയെടുത്തിരുന്നോ; വ്യക്തമാക്കാമോ; | (ബി) | രജിസ്ട്രേഷൻ വകുപ്പ് നൽകി വരുന്ന താഴെപ്പറയുന്ന സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>1. ആധാര രജിസ്ട്രേഷൻ, ബാധ്യത സർട്ടിഫിക്കറ്റ്, ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വിവാഹ രജിസ്ട്രേഷൻ, ലിസ്റ്റ് സർട്ടിഫിക്കറ്റ്, ചിട്ടി രജിസ്ട്രേഷൻ, സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ, സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായുള്ള ഗഹാനുകളും അവയുടെ റിലീസും ഫയൽ ചെയ്യൽ, പോക്കു വരവ് അപേക്ഷകൾ വില്ലേജ് ഓഫീസിലേയ്ക്ക് അയയ്ക്കൽ.<br>2. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടി വരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ- സ്റ്റാമ്പിംഗ് സൗകര്യം.<br>3. വകുപ്പ് നൽകി വരുന്ന  സേവനങ്ങൾക്കായുള്ള ഫീസുകൾ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.<br>4. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം |

| | | | |
|---|---|---|---|
| | | | 5. ആധാര രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള ഓൺലൈൻ ടോക്കൺ സൗകര്യം.<br>6. ആധാരത്തിന്റെ ഉടമസ്ഥതയെക്കുറിച്ചുള്ള അവശ്യ വിവരങ്ങൾ പൊതു ജനങ്ങൾക്ക് വെബ് സൈറ്റിലൂടെ കാണുവാനും ബാങ്കുകൾക്കും മറ്റ് ധനകാര്യസ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം രജിസ്ട്രേഷൻ വകുപ്പിന്റെ https://pearl.registration.kerala.gov.in എന്ന പോർട്ടലിലൂടെ പരിശോധിക്കുന്നതിനുമുള്ള സൗകര്യം.<br>7. ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും ആ ജില്ലയിലെ ആധാരം രജിസ്റ്റർ ചെയ്യുവാൻ കഴിയുന്ന എനിവെയർ രജിസ്ട്രേഷൻ സൗകര്യം.<br>8. വാങ്ങുന്നയാളിനോ വിൽക്കുന്നയാളിനോ ആധാരം സ്വയം തയാറാക്കുന്നതിനായി ആധാര മാതൃകകൾ സൈറ്റിൽ ലഭ്യമാക്കുകയും,, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം.<br>9. വാണിജ്യ ബാങ്കുകളിൽ നിന്നും സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കായുള്ള വായ്പാ കരാറുകൾ ഓൺലൈനായി തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ് ഫോം. |
| (സി) | ഭൂമിയുടെ ന്യായവില കുറച്ചുകാണിച്ച് വസ്തു രജിസ്റ്റർ ചെയ്യുന്നതാണ് അഴിമതിക്ക് മുഖ്യകാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് നിരുത്സാഹപ്പെടുത്തുന്നതിന് ഭൂമിയുടെ ന്യായവില യുക്തിസഹമായ നിരക്കിൽ നിശ്ചയിച്ചിട്ടുണ്ടോ; ഇത്തരത്തിൽ നിശ്ചയിക്കുന്ന ന്യായവില പൊതുജനങ്ങൾക്ക് മനസ്സിലാക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഭൂമി കൈമാറ്റം സംബന്ധിച്ച് ആധാരങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതിഫലസംഖ്യയോ / ന്യായവിലയോ ഇതിൽ ഏതാണോ കൂടിയ തുക അതിന്മേലാണ് നികുതി ചുമത്തി വരുന്നത്. ഭൂമിയുടെ ന്യായവിലയേക്കാളും കുറച്ചാണ് കൈമാറ്റവില / പ്രതിഫലം ആധാരങ്ങളിൽ രേഖപ്പെടുത്തിയാൽ പോലും കൂടിയ തുകയ്ക്ക് നികുതി ചുമത്തി വരുന്നതിനാൽ ന്യായവില കുറച്ച് കാണിച്ച് വസ്തു രജിസ്റ്റർ ചെയ്ത് അഴിമതി നടത്താൻ കഴിയുകയില്ല. ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന് നിയമം മൂലം അധികാരപ്പെടുത്തിയിട്ടുള്ളത് അതത് റവന്യൂ ഡിവിഷണൽ ഓഫീസർമാരെയാണ്. കാലാകാലങ്ങളിൽ പരിഷ്കരിക്കുന്ന ന്യായവില രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് വഴിയും സബ് രജിസ്ട്രാർ ഓഫീസുകൾ വഴിയും പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ